Ultrashine Excel Sheet launched

# അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് വിപണിയിൽ

കൊച്ചി

ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ രുചി ഗ്രൂപ്പ ജപ്പാൻ കേന്ദ്രീകരിച്ചുള്ള മിത്സുയി കമ്പനിയുടെയും സംയുക്ത സംരംഭമായ ഇന്ത്യൻ സ്റ്റീൽ കോർപറേഷൻ ലിമിറ്റഡ് (ഐഎസ്സി)പുതിയ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരള വിപണിയിൽ അവതരിപ്പിച്ചു. നാലിഞ്ച് വീതിയിൽ കളർ കോട്ടിങ്ങോടെയുള്ള ഇന്ത്യയിലെ ആദ്യത്തെ അൾട്രാകോട്ട് ഷീറ്റാണിത്. കോൾഡ് റോൾഡ് സ്റ്റീൽ, ഗാൽവനൈസ്ഡ് സ്റ്റീൽ, കളർ കോട്ടട് ഷീറ്റ്, കോയിലുകൾ തുടങ്ങിയവയുടെ പ്രമുഖ ഉത്പാദകരാണ് ഐഎസ്സി. ഏറ്റവും നൂതനമായ ഉത്പന്നങ്ങളിലാണ് ഐഎസ്സി ഉപയോക്താക്കൾക്കെത്തിക്കുന്നതെന്ന് ഐഎസ്സി മാർക്കറ്റിങ് വൈസ് പ്രസിഡന്റ് ആർ.കെ. ലോധി പറഞ്ഞു.

തങ്ങളുടെ ഉത്പന്നങ്ങൾ ലോകോത്തര നിലവാരം പുലർത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു. പുതിയ ഉത്പന്നം പരമാവധി വാട്ടർ പ്രൂഫിങ് ലഭിക്കത്തക്ക രീതിയിൽ ഓവർലാപ്പിങ് കിട്ടത്തക്ക രീതിയിലാണ് നിർമിച്ചിരുക്കുന്നത്. മണിക്കൂറിൽ 180 കിലോമീറ്റർവരെ വേഗത്തിലുള്ള കാറ്റിനെ ചെറുക്കാൻ ഇതിന് സാധിക്കും.

2005ൽ ആരംഭിച്ചതു മുതൽ ഐഎസ്സി 25 ശതമാനം വാർഷിക വളർച്ച കുറിച്ചിട്ടുണ്ട്. യൂറോപ്പ്, അമെരിക്ക, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലായി 40 രാജ്യങ്ങളിലേക്കും സാന്നിധ്യം വ്യാപിപ്പിച്ചിട്ടുണ്ട്. 400 ഡീലർമാർ, 1400 സബ് ഡീലർമാരും ഉൾപ്പെട്ടതാണ് കമ്പനിയുടെ നെറ്റ്‌വർക്ക്. ഇന്ത്യയിലുടനീളമായി കമ്പനിക്ക് 32 സ്റ്റോക് പോയിന്റുകളുമുണ്ട്. വാർത്താസമ്മേളനത്തിൽ സെയിൽസ് ആൻഡ് മാർക്കറ്റിങ് ജനറൽ മാനെജർ ദീപക് ശർമ, റീജിയണൽ സെയിൽ ആൻഡ് മാർക്കറ്റിങ് മാനെജർ എസ്. ശ്രീനിവാസ റാവു എന്നിവരും പങ്കെടുത്തു.